LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കാപ്പിയുടെ വില കുറഞ്ഞു പോയിട്ടുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്. എന്നാൽ ഇതിന് മിനിമം സപ്പോർട്ട് പ്രൈസ് പ്രഖ്യാപിക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. കേന്ദ്ര ഗവൺമെന്റിനോട് ഒരു കിലോഗ്രാം കാപ്പിക്ക് 75 രൂപ മിനിമം സപ്പോർട്ട് പ്രൈസായി പ്രഖ്യാപിക്കണമെന്നും ആ വിലയ്ക്ക് കർഷകരിൽ നിന്നും കാപ്പി ശേഖരിച്ച് സംഭരിച്ച് വയ്ക്കണമെന്നും സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്,. ദക്ഷിണേൻഡ്യയിലെ കാപ്പി കൃഷിക്കാരുടെ യോഗത്തിന്റെ ആവശ്യമായിരുന്നു 8% എന്നുള്ള അവരുടെ ടാക്സ് 4 ശതമാനമായി കുറയ്ക്കണമെന്നുള്ളത്. ആ ആവശ്യം സംസ്ഥാന ഗവൺമെന്റ് പ്രത്യേകിച്ച് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അംഗീകരിച്ചിട്ടുണ്ട്. മറ്റു പ്രശ്നങ്ങൾ കേന്ദ്ര ഗവൺമെന്റുമായി അടുത്തദിവസം ചർച്ച ചെയ്യുന്നതിന് സംസ്ഥാന ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നുണ്ട്.

ക്രോപ് ഇൻഷ്വറൻസ് പദ്ധതി

3 (*213)ശ്രീ. എ.കെ. മണി :

ശ്രീ. കെ. മുഹമ്മദാലി :

ശ്രീമതി രാധാ രാഘവൻ :

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വിളകൾക്കാണ് ക്രോപ് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) ഈ പദ്ധതിയിൽ ചേരുന്നതിന് ഗവൺമെന്റ് എന്തെല്ലാം സഹായങ്ങൾ ചെയ്തുവരുന്നു;

(സി) കൃഷിനാശത്തിന് തുല്യമായ തുക ഈ പദ്ധതിപ്രകാരം കർഷകന് നൽകുമോ എന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ,

(എ) സംസ്ഥാനത്തെ 25 പ്രധാന കാർഷിക വിളകളായ തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാംപു, വെറ്റില, പയറു വർഗ്ഗങ്ങൾ, കിഴങ്ങ് വർഗ്ഗങ്ങൾ, കരിംപ്, പുകയില, നെല്ല് തുടങ്ങിയവയ്ക്ക് ഇൻഷ്വറൻസ് ഏർപ്പെടത്തിയിട്ടുണ്ട്.

(ബി) പ്രകൃതിക്ഷോഭംമൂലം സംഭവിക്കുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം ഏർപ്പെടുത്തിയിട്ടുണ്ട്. നഷ്ടപരിഹാരത്തോത് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു.†

(സി) പ്രകൃതിക്ഷോഭംമൂലം സംഭവിക്കുന്ന കൃഷിനാശത്തിന് ഒരു പരിധിവരെ നഷ്ടപരിഹാരം നൽകുക എന്നതാണ് കാർഷികവിള ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശം. ഇപ്പോൾ നൽകിവരുന്ന നഷ്ടപരിഹാരത്തോത് വിള തിരിച്ച് അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്.†

---

† അനുബന്ധം I

†

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.കെ. മണി : സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്കാണ് ഇതിന്റെ ആനുകൂല്യം കിട്ടിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ഇതിന്റെ വ്യക്തമായ കണക്ക് എന്റെ കൈയിലില്ല. അത് ഞാൻ ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കാം.

ശ്രീ. എ.കെ. മണി : സർ, 1995-നു ശേഷം ഈ സ്കീമിനുവേണ്ടി പ്രീമിയം അടച്ചതിന് എത്ര രൂപ ഇതുവരെ സർക്കാരിന് ചെലവായിട്ടുണ്ട് എന്നുള്ളത് വ്യക്തമാക്കാമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ഓരോ കൃഷിക്കാരനും ഓരോ വിളയ്ക്കും ആവശ്യമായിവരുന്ന ഇൻഷ്വറൻസ് തുക അടയ്ക്കണം. ഓരോ വിളയ്ക്കും പ്രത്യേകം പ്രത്യേകം ആണ് അടയ്ക്കേണ്ടത്. അതുകൊണ്ട് ആ കണക്ക് ശേഖരിച്ച് ബഹുമാനപ്പെട്ട അംഗത്തിന് കൊടുക്കുന്നതാണ്.

ശ്രീ. കെ. മുഹമ്മദാലി : സർ, നെല്ലുൽപ്പെടെയുള്ള ഇരുപത്തഞ്ചോളം കാർഷിക വിളകൾക്ക് ക്രോപ് ഇൻഷ്വറൻസ് ഏർപ്പെടുത്തിയതായി ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നെൽക്കൃഷിക്ക് വളരെ മോശമായ സ്ഥിതി വരുന്നതിനു പ്രധാനമായ കാരണം കൃഷിനാശമാണ്; പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശം മാത്രമല്ല. അത് പ്രത്യേകമായി കണക്കിലെടുത്തുകൊണ്ട് നെൽക്കൃഷിയുടെ പുനരുദ്ധാരണത്തിനുവേണ്ടി ക്രോപ് ഇൻഷ്വറൻസ് പദ്ധതി കൂടുതൽ ആകർഷകമാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, സംസ്ഥാന ഗവൺമെന്റ് ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള വിള ഇൻഷ്വറൻസ് പദ്ധതിയിൽ നെൽക്കൃഷിയുണ്ട്. 25 സെന്റുവരെ വിസ്തൃതിയുള്ള പ്രദേശങ്ങൾവരെ ഇതിൽ ഉൾപ്പെടുത്താൻ കഴിയുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് വിള ഇൻഷ്വറൻസ് പദ്ധതിയിൽ നമ്മുടെ സംസ്ഥാനത്ത് നെൽക്കൃഷിയാണ് ഉൾപ്പെടുത്തിയത്. മുമ്പ് ഒരു ബ്ലോക്ക് ഏരിയായിൽ 60 ശതമാനത്തിലധികം കൃഷിനാശം സംഭവിച്ചാൽ നഷ്ടപരിഹാരം കൊടുക്കാൻ സംവിധാനമുണ്ടായിരുന്നു. ഇപ്പോൾ ഒരു പഞ്ചായത്ത് ഏരിയയാക്കിയിട്ടുണ്ട്. ആ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ നെൽക്കൃഷിക്ക് നാശനഷ്ടം സംഭവിച്ചാൽ കർഷകന് 60 ശതമാനം നഷ്ടപരിഹാരം കിട്ടുന്ന ഒരു സംവിധാനമുണ്ട്. സംസ്ഥാന ഗവൺമെന്റ് അതിൽ അംഗമാണ്.

ശ്രീ കെ. മുഹമ്മദാലി : സർ, നെല്ലിന്റെ ഉൽപാദനം കുറഞ്ഞുവരുന്നത് ഭൂമിയുടെ വിസ്തൃതി കുറയുന്നതുകൊണ്ടു മാത്രമല്ല. കൃഷിഭൂമിയിൽനിന്നും കൂടുതൽ ഉൽപാദനമുണ്ടാക്കാൻ കഴിയുന്ന മാർഗ്ഗങ്ങൾ ഉണ്ടാക്കണം. കർഷകർക്ക് കൂടുതൽ ആകർഷകമായ രീതിയിൽ ഈ രംഗത്ത് പിടിച്ചുനിൽക്കാൻ കഴിയുന്ന വിധത്തിലുള്ള പദ്ധതികൾക്ക് ഗവൺമെന്റ് രൂപം നൽകുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, നെല്ലിന്റെ ഉൽപാദനക്ഷമത വർദ്ധിച്ചുവരികയാണ്. 1999-2000 സാമ്പത്തികവർഷത്തിൽ കണക്കാക്കിയിരിക്കുന്നത് ഒരു ഹെക്ടറിന് 3127 കിലോഗ്രാം ആയിട്ടാണ്. നെൽക്കർഷകനെ സംരക്ഷിക്കുന്നതിനുവേണ്ടി വിത്ത്, നീറ്റുകക്ക, കീടനാശിനി എന്നിവ വേണ്ടിവരികയാണെങ്കിൽ ഒരു തവണ കീടനാശിനി ഉപയോഗിക്കുന്നതിനു

വേണ്ടി വരുന്ന ചെലവിന്റെ 50 ശതമാനം സബ്സിഡിയായി നൽകാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. നെൽപ്പാടങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കാൻ 11 ഏജൻസികൾ വഴി ഈ കഴിഞ്ഞ 3 വർഷങ്ങളിലായി 28 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കൊയ്ത്ത് കാലത്ത് നെൽക്കർഷകർക്ക് മാന്യമായ വില കിട്ടുന്നതിനുവേണ്ടി ഏജൻസികൾ വഴി നെല്ല് ശേഖരിക്കുന്നതിനുള്ള നടപടികൾ കഴിഞ്ഞ 3 വർഷമായി സ്വീകരിച്ചുവരുന്നുണ്ട്. അതിന്റെ ഫലമായിട്ടാണ് ഇവിടെ ഉൽപാദനക്ഷമത വർദ്ധിക്കാനിടയായത്.

<u>ശ്രീമതി രാധാ രാഘവൻ</u> : സർ, വിള ഇൻഷ്വറൻസ് ഏർപ്പെടുത്തിയതിന്റെ ഫലമായി എത്ര തുക ഗവൺമെന്റ് നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, ഈ പദ്ധതി നടപ്പിലാക്കിയത് 1995-മുതലാണ്. 1995 മുതൽ ഇതുവരെ എത്ര തുക നഷ്ടപരിഹാരം കൊടുക്കാൻ ഗവൺമെന്റിന് എത്ര തുക വേണ്ടിവന്നു എന്നുള്ളതിന്റെ കണക്ക് ഞാൻ ബഹുമാനപ്പെട്ട അംഗത്തിന് നൽകാം.

<u>ശ്രീമതി രാധാ രാഘവൻ</u> : സർ, ഈ പദ്ധതി ഏത് ഇൻഷ്വറൻസ് കമ്പനിയെയാണ് ഏൽപ്പിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, സംസ്ഥാന ഗവൺമെന്റിന്റെ ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റ് വഴിയാണ് ഈ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത്. കമ്പനികൾ അല്ല ഗവൺമെന്റിന്റെ ഡിപ്പാർട്ടുമെന്റു വഴിയാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. പാലോട് രവി</u> : സർ, കർഷക രക്ഷാ പദ്ധതി ആദ്യം ഈ ഗവൺമെന്റ് പുറപ്പെടുവിച്ചത് 25 സെന്റു സ്ഥലമുള്ള കർഷകർക്ക് എന്നാണ്. അത് അപ്രായോഗികമാണെന്ന് ഗവൺമെന്റിനു ബോധ്യം വന്നതിനുശേഷം അത് 10 സെന്റായി കുറച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവിറക്കുകയുണ്ടായി. അതുപോലെ കർഷക ഇൻഷ്വറൻസ് പദ്ധതി 10 സെന്റിലുള്ള കാർഷിക വിളകൾക്കു കൂടി ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, ഇത് ഒരു പ്രധാനപ്പെട്ട ചോദ്യമാണ്. കാരണം, ഗവൺമെന്റിനും വലിയ സാമ്പത്തിക ബാധ്യത വരുന്നതാണ്. അതുകൊണ്ട് 10 സെന്റുള്ള കർഷകരെക്കൂടി വിള ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരുമോ . ഇതിന്റെ എല്ലാ വശവും പരിശോധിക്കുന്നുണ്ട്. അത് കുറച്ചുകൂടി സൃഷ്ടിപരമായിട്ടുള്ള രീതിയിൽ ഗവൺമെന്റ് പരിശോധിച്ച് നടപടി സ്വീകരിക്കാം.

<u>ശ്രീ. ചെർക്കളം അബ്ദുള്ള</u> : സർ, മഞ്ചേരി, കാസർകോട് ഭാഗങ്ങളിൽ പ്രധാനപ്പെട്ട കൃഷി അടയ്ക്കയാണ്. മഹാളി തുടങ്ങിയ രോഗങ്ങളാൽ കൃഷിനാശം എല്ലാ വർഷവും സംഭവിക്കുന്നു. ഇൻഷ്വറൻസ് പദ്ധതിയിൽ അടയ്ക്ക ഉൾപ്പെടുത്തിക്കാണുന്നില്ല. അതുകൂടി ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, കവുങ്ങിന്റെ ഒരു മരത്തിന് ഒരു വർഷത്തേയ്ക്ക് ഒരു രൂപ; 3 വർഷത്തേയ്ക്കാണെങ്കിൽ 2 രൂപ. പ്രകൃതിക്ഷോഭംമൂലം കവുങ്ങിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ 100 രൂപ നഷ്ടപരിഹാരം കിട്ടും. കവുങ്ങ് മരത്തിനാണ് നഷ്ടപരിഹാരം കിട്ടുന്നത്.

<u>ശ്രീ. സി.കെ. രാജേന്ദ്രൻ</u> : സർ, അകാലത്തുണ്ടാകുന്ന കൃഷി നാശത്തിന് ഇപ്പോൾ വിള ഇൻഷ്വറൻസ് ലഭിക്കുന്നില്ല. വിത്ത് വിതച്ചാലുടനെ മഴ

LIBRARY ARCHIVES Kerala Legislative Assembly

പെയ്യാത്തതുകൊണ്ട് അത് നഷ്ടമായി കണക്കാക്കാറില്ല. അതുപോലെ അകാലത്തുണ്ടാകുന്ന കാറ്റിൽ വാഴ നശിച്ചാൽ അതിന് നഷ്ടം കണക്കാക്കുന്നില്ല. അതു മാറ്റി എല്ലാ സന്ദർഭത്തിലും ഉണ്ടാകുന്ന കൃഷിനാശത്തിന് ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കത്തക്കവിധത്തിൽ ഇത് പരിഷ്ക്കരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, ഈ ഇൻഷ്വറൻസിന്റെ കാര്യം ആലോചിക്കാം. പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന മറ്റ് നാശനഷ്ടത്തിന് കേന്ദ്ര ഗവൺമെന്റ് നൽകുന്ന സഹായത്തിൽനിന്നാണ് നഷ്ടപരിഹാരം കൊടുക്കുന്നത്. ജൂൺ ഒന്ന് മുതലാണ് മൺസൂൺ കാലഘട്ടം അവർ കണക്കാക്കുന്നത്. ജൂൺ ഒന്നിന് മുമ്പ് ഉണ്ടാകുന്ന കാറ്റ് അല്ലെങ്കിൽ മഴ അങ്ങനെയുള്ള പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ പാടില്ല എന്നാണ് കേന്ദ്ര ഗവൺമെന്റിന്റെ നോംസിൽ പറയുന്നത്. അത് എങ്ങനെയെങ്കിലും ഇളവു ചെയ്യാൻ കഴിയുമോ എന്ന കാര്യം ആലോചിക്കാം. വിള ഇൻഷ്വറൻസിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ജൂണിനു മുമ്പ് വരുന്ന പ്രകൃതിക്ഷോഭത്തിന്റെ ഫലമായി ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കു കൂടി നഷ്ടപരിഹാരം കൊടുക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കാം.

<u>ശ്രീ. കെ.എ. ചന്ദ്രൻ</u> :സർ, വിള ഇൻഷ്വറൻസിൽ ചേർന്ന കർഷകർക്ക് വിളനാശം ഉണ്ടായത്തിനുശേഷം യഥാസമയം ഇൻഷ്വറൻസ് തുക ലഭിക്കുന്നില്ല. അതുകൊണ്ട് ഇൻഷ്വറൻസിൽ ചേർത്ത ഏജന്റുമാരേയുംകൂടി ചേർത്തുകൊണ്ട് കർഷകർ കൺസ്യൂമർ പ്രൊട്ടക്ഷൻ കോടതിയേയും മറ്റ് കോടതികളേയുമൊക്കെ സമീപിക്കുന്നുണ്ട്. കർഷകർക്ക് ആനുകൂല്യം ലഭിക്കുന്നില്ല എന്നുമാത്രമലല്ല അവരെ ഇൻഷ്വറൻസ് ചേർത്ത ഏജന്റുമാർ കൂടുതൽ ബുദ്ധിമുട്ടിലാകുന്നുമുണ്ട് എന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? യഥാസമയം ഇൻഷ്വറൻസ് തുക ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കേണ്ട ബാങ്കിൽ കൃത്യമായി അടച്ചതിനുശേഷമാണ് വിളനാശം സംഭവിക്കുന്നത് എങ്കിൽ തീർച്ചയായിട്ടും കർഷകന് നഷ്ടപരിഹാരം കിട്ടും. എവിടെയെങ്കിലും നഷ്ടപരിഹാരം കിട്ടാതെ പോയിട്ടുണ്ടെങ്കിൽ അത് പരിശോധിക്കാനും കൊടുക്കാനും തയ്യാറാണ്. എന്നാൽ പ്രീമിയം സംഖ്യ കൃഷിക്കാരനിൽ നിന്ന് വാങ്ങുകയും അടയ്ക്കാതെ കൈവശം വയ്ക്കുകയും ചെയ്താൽ ആ സമയത്താണ് വിളനാശം സംഭവിക്കുന്നതെങ്കിൽ നഷ്ടപരിഹാരത്തുക കൊടുക്കാൻ പ്രയാസമാണ്. അങ്ങനെ ചില സംഭവങ്ങൾ സംസ്ഥാനത്തിന്റെ ചില പ്രദേശങ്ങളിലുണ്ടായിട്ടുണ്ട്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് എങ്ങനെപരിഹരിക്കാൻ കഴിയുമെന്നതിനെക്കുറിച്ച് ആലോചിക്കാം.

(ചോദ്യോത്തരം സമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly

(2000 ജൂലായ് മാസം 17-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 9.40-ന് പിരിഞ്ഞു.)

അനുബന്ധം - I

(28.6.2000-ലെ ചോദ്യം 3 (*213)-ന്റെ മറുപടി ദയവായി കാണുക

1.	വിളകൾ	വിള ഇൻഷ്വർ ചെയ്യാൻ വേണ്ട പ്രായം	അടയ്ക്കേണ്ട പ്രീമിയം	നഷ്ടപരിഹാര തോത്
1.	തെങ്ങ്	ഒരാണ്ടിൽ കുറഞ്ഞത് 30 നാളീകേരമെങ്കിലും കായ്ഫലം നൽകുന്ന തെങ്ങുകൾ	തെങ്ങൊന്നിന് 2 രൂപ ഒരു വർഷത്തേക്ക്, 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ തെങ്ങൊന്നിന് 5 രൂപ.	തെങ്ങൊന്നിന് 1000 രൂപ.
2.	കമുക്	കായ് ഫലമുള്ളത്	ഒരു മരത്തിന് ഒരു വർഷത്തേക്ക് ഒരു രൂപ മൂന്ന് വർഷത്തേക്ക് ഒന്നിച്ചടച്ചാൽ മരമൊന്നിന് 2 രൂപ.	ഒരു മരത്തിന് 100 രൂപ
3.	റബ്ബർ	കറയെടുക്കുന്ന മരങ്ങൾ	ഒരു മരത്തിന് ഒരു വർഷത്തേക്ക് 2 രൂപ മൂന്നു വർഷം ഒന്നിച്ചടച്ചാൽ 5 രൂപ.	ഒരു മരത്തിന് 500 രൂപ.
4.	കശുമാവ്	കായ്ഫലമുള്ളത്	ഒരു മരത്തിന് ഒരുവർഷത്തേക്ക് 2 രൂപ, 3 രൂപ 5 വർഷത്തേക്ക്	ഒരു മരത്തിന് 200 രൂപ.
5.	വാഴ, ഏത്തൻ,കപ്പ, പാളയം കോടൻ, റോബസ്റ്റ	നട്ട് കഴിഞ്ഞ് ഒരു മാസം മുതൽ 5 മാസം വരെ	ഒരു വാഴക്ക് 2 രൂപ	കുലയ്ക്കാത്തതിന്20രൂപ കുലച്ചതിന് 50 രൂപ
6.	മരച്ചീനി	നട്ടകഴിഞ്ഞ് ഒരു മാസത്തിനുശേഷം 5 മാസം വരെ	0.02 ഹെക്ടറിന് 2 രൂപ 100 രൂപ	0.02 ഹെക്ടർ (ഹെക്ടർ ഒന്നിന് 5000 രൂപ)
7.	കൈതച്ചക്ക	നട്ടുകഴിഞ്ഞ് ഒരു മാസത്തിനുശേഷവും 6 മാസത്തിനകവും.	0.02 ഹെക്ടറിന് 25 രൂപ. രൂപ	0.02 ഹെക്ടർ 500 (ഹെക്ടർ ഒന്നിന് 25000 രൂപ)
8.	കുരുമുളക്	കായ്ച്ചു തുടങ്ങിയവ	ഒരു താങ്ങുമരത്തിന് ഒരു വർഷ ത്തേക്ക് 1 രൂപ മൂന്നു വർഷത്തേക്ക് ഒന്നിച്ചടച്ചാൽ 2 രൂപ.	ഓരോ താങ്ങുമരത്തിലും ഉള്ളതിന് 40 രൂപ വീതം
9.	ഏലം	കായ്ഫലമുള്ളത്	ഒരു വർഷത്തേക്ക് ഹെക്ടറിന് 1000 രൂപ 3 വർഷത്തേക്ക് ഒരുമിച്ചടച്ചാൽ 2500 രൂപ.	ഹെക്ടർ ഒന്നിന് 30,000 രൂപ
10.	ഇഞ്ചി	നട്ട് ഒരുമാസം കഴിഞ്ഞ് 5 മാസം വരെ	0.02 ഹെക്ടറിന് 10 രൂപ	0.02 ഹെക്ടറിന് 800 രൂപ(ഹെക്ടർ ഒന്നിന് 40,000 രൂപ)

LIBRARY ARCHIVES Kerala Legislative Assembly

11.	മഞ്ഞൾ	നട്ട് ഒരുമാസം കഴിഞ്ഞ് 3 മാസം വരെ	0.02 ഹെക്ടറിന് 10 രൂപ	0.02 ഹെക്ടറിന് 800 രൂപ(ഹെക്ടർ ഒന്നിന് 4000 രൂപ)
12.	കാപ്പി	കായ്ഫലമുള്ളത്	ഒരു ചെടിക്ക് ഒരു വർഷത്തേക്ക് ഒരുരൂപ മൂന്നുവർഷത്തേക്ക് ഒന്നിച്ചടച്ചാൽ 2 രൂപ	ഒരു മരത്തിന് 75 രൂപ
13.	തേയില	ഇലയെടുത്തു തുടങ്ങിയ ചെടികൾ	ഹെക്ടർ ഒന്നിന് ഒരു വർഷത്തേക്ക് 1000 രൂപ, 3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ 2500 രൂപ	ഹെക്ടർ ഒന്നിന് 60,000 രൂപ
14.	കൊക്കോ	കായ്ഫലമുള്ളത്	ഒരു രൂപ മരത്തിന് ഒരുവർഷത്തേക്ക് 3 വർഷം ഒന്നിച്ചടച്ചാൽ 2 രൂപ	ഒരു മരത്തിന് 35 രൂപ
15.	നിലക്കടല	നട്ടുകഴിഞ്ഞ് ഒരു മാസത്തിനുശേഷം 2 മാസത്തിനു മുമ്പ്	0.1 ഹെക്ടറിന് 25 രൂപ	0.1 ഹെക്ടറിന് 800 രൂപ
16.	എള്ള്	വിതച്ച് ഒരാഴ്ച കഴിഞ്ഞ് 1 ഒരുമാസം വരെ	0.1 ഹെക്ടറിന് 25 രൂപ	0.1 ഹെക്ടറിന് 500 രൂപ.
17.	പച്ചക്കറി (പന്തലുള്ളതും, പന്തൽ ഇല്ലാത്തതും)	നട്ട് ഒരാഴ്ച കഴിഞ്ഞ് ഒരു മാസം വരെ	10 സെന്റിന് 10 രൂപ	10 സെന്റിന് 600 പന്തൽ ഇല്ലാത്തതിന്. 10 സെന്റിന് 1000 രൂപ പന്തൽ ഉള്ളതിന്.
18.	ജാതി	കായ്ഫലമുള്ളത്	ഒരു വർഷത്തേക്ക് ഒരു മരത്തിന് 2 രൂപ. മൂന്നു വർഷത്തേക്ക് ഒന്നിച്ചടച്ചാൽ 5 രൂപ.	200 രൂപ ഒരു മരത്തിന്.
19.	ഗ്രാമ്പു	കായ്ഫലമുള്ളത്	ഒരു വർഷത്തേക്ക് ഒരു മരത്തിന് 2 രൂപ മൂന്നുവർഷത്തേക്ക് ഒന്നിച്ചടച്ചാൽ 5 രൂപ.	150 രൂപ വരെ ഒരു മരത്തിന്
20.	വെറ്റില	വിളവെടുപ്പ് ആരംഭിച്ച്.	ഒരു വർഷത്തേക്ക് സെന്റ് ഒന്നിന് 5 രൂപ	സെന്റ് ഒന്നിന് 250 രൂപ
21.	പയറു വർഗ്ഗങ്ങൾ	നട്ട് രണ്ടാഴ്ച കഴിഞ്ഞ് ഒന്നരമാസം വരെ	0.10 ഹെക്ടറിന് 12.50 രൂപ രൂപ	0.1 ഹെക്ടറിന് 250 രൂപ
22.	കിഴങ്ങുവർഗ്ഗങ്ങൾ(ചേന, മധുരക്കിഴങ്ങ്)	നട്ട് ഒരുമാസം കഴിഞ്ഞ് 3 മാസം വരെ	ചേനകൃഷി-5 രൂപ മധുരക്കിഴങ്ങ് കൃഷി 3 രൂപ	ചേന 0.02 ഹെക്ടറിന് 500 രൂപ, മധുരകിഴങ്ങ് 0.02 ഹെക്ടറിന് 200 രൂപ
23.	കരിമ്പ്	നട്ട് ഒരുമാസം കഴിഞ്ഞ് 3 മാസം വരെ	0.10 ഹെക്ടറിന് 60 രൂപ	0.1 ഹെക്ടറിന് 3000 രൂപ
24.	പുകയില	നട്ട് രണ്ടാഴ്ച കഴിഞ്ഞ് 2 മാസം വരെ	0.02 ഹെക്ടറിന് 2 രൂപ	0.02 ഹെക്ടറിന് 400 രൂപ
25.	നെല്ല്	നട്ടെങ്കിൽ വിതച്ച് 15 ദിവസം കഴിഞ്ഞ് 2 മാസം വരെ	0.10 ഹെക്ടറിന് 25 രൂപ	45 ദിവസത്തനകം ഉള്ള വിളകൾക്ക് 3000 രൂപ ഹെക്ടർ ഒന്നിന് 45 ദിവസത്തിൻശേഷം ഉള്ള വിളകൾക്ക് 5000 രൂപ

അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly